(ഡി) പച്ചക്കറി, വാഴ, സുഗന്ധവ്യജ്ഞനങ്ങൾ, നെല്ല് എന്നീ വിളകളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള സാങ്കേതികവിദ്യ കൃഷി വകുപ്പിന്റെ ഫാമുകളിൽ ഡമോൺസ്ട്രേറ്റ് ചെയ്യുന്നതിന് അംഗീകൃത ഗവേഷണ സ്ഥാപനങ്ങൾ, കൺസൾട്ടൻസി ഏജൻസികൾ എന്നിവരിൽ നിന്നുള്ള പ്രൊപ്പോസലുകൾ ആണ് ക്ഷണിച്ചത്.

വരൾച്ചമൂലം ഉണ്ടായ കൃഷിനാശത്തെക്കുറിച്ച് സർവ്വേ

84 [2053] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003-2004 വർഷത്തിൽ വരൾച്ചമൂലം സംസ്ഥാനത്തുണ്ടായ കൃഷി നാശത്തെക്കുറിച്ച് സർക്കാർ സർവ്വേ നടത്തിയിരുന്നുവോ;

(ബി) എങ്കിൽ എത്ര ഹെക്ടർ പ്രദേശം വീതമാണ് ഓരോ വിളകളിലും കൃഷി നാശം ഉണ്ടായതായി കണക്കാക്കിയിട്ടുള്ളതെന്നും എത്ര കൃഷിക്കാർക്കാണ് വിളനാശം ഉണ്ടായതെന്നും ഇത് ഓരോ വിളകൾക്കും എത്ര തുകയുടെ നഷ്ടമാണ് ഉണ്ടാക്കിയതെന്നും വിശദമാക്കാമോ;

(സി) ഇവർക്ക് സർക്കാർ പ്രത്യേക നഷ്ട പരിഹാരമോ മറ്റെന്തെങ്കിലും ആശ്വാസ പദ്ധതിയോ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ഡി) ഇതിന്റെ ഭാഗമായി സർക്കാർ ഇതിനകം എത്ര തുക ഓരോ സ്കീമിലും ചെലവഴിച്ചെന്ന് ഇവയിൽ ഓരോന്നിനും എത്ര കൃഷിക്കാർക്ക് ഗുണം ലഭിച്ചു എന്നതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) നടത്തിയിരുന്നു.

(ബി) 2003-04 വർഷത്തിൽ വരൾച്ചമൂലം സംസ്ഥാനത്ത് 5,05,303 കർഷകർക്ക് വിളനാശം ഉണ്ടായിട്ടുണ്ട്. ആയതിന്റെ വിസ്തൃതി, വിള, തുക എന്നിവയുടെ ഇനം തിരിച്ചുള്ള വിശദമായ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) ഉണ്ട്. വരൾച്ചമൂലം ദുരിതം അനുഭവിക്കുന്ന കർഷകർക്ക് ആശ്വാസം എത്തിക്കുന്നതിനായി 2003-റാബി സീസൺ മുതൽ പ്രാബല്യത്തിൽ വരത്തക്കരീതിയിൽ കാർഷിക വിളകളുടെ നഷ്ടപരിഹാരം 100% കണ്ട് വർദ്ധിപ്പിച്ചു. വരൾച്ചമൂലം 25%-മോ അതിൽ കൂടുതലോ കൃഷി നാശം സംഭവിച്ചവർക്ക് വീണ്ടും വിളയിറക്കുന്നതിന് വിത്തും കുമ്മായവും സൗജന്യമായി വിതരണം ചെയ്തുവരുന്നു. വായ്പയെടുത്ത് കൃഷി ചെയ്യുകയും കൃഷിനാശംമൂലം വായ്പ തുക തിരിച്ചടയ്ക്കാൻ കഴിയാതെ വലയുകയും ചെയ്യുന്ന കർഷകർക്ക് ആശ്വാസം നൽകുന്നതിനായി

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

23-1-2004 മുതൽ ഒരു വർഷത്തേക്ക് മോറട്ടോറിയം പ്രഖ്യാപിച്ചു. നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള കർഷകന്റെ വാർഷിക വരുമാന പരിധി നീക്കം ചെയ്തു. ഭൂപരിധിയിലുണ്ടായിരുന്ന നിയന്ത്രണത്തിൽ ഇളവ് അനുവദിച്ചു.

(ഡി) 2003-04 വർഷത്തിൽ വരൾച്ചമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് ധനസഹായം നൽകുന്നതിനായി 3456.454 ലക്ഷം രൂപ അനുവദിച്ചു. ഇവയിൽ 2,64,139 കർഷകർക്കായി ഇതിനോടകം 2876.065 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. വിശദ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

ആത്മഹത്യാ പ്രവണതയെക്കുറിച്ച് പഠനം

85 [2054] ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
,, പി. ടി. തോമസ്:
,, തേറമ്പിൽ രാമകൃഷ്ണൻ:

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി, വയനാട് ജില്ലകളിലെ കർഷകരുടെ ഇടയിൽ ആത്മഹത്യാ പ്രവണത കൂടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ആരാണ് പഠനം നടത്തിയത്;

(സി) പഠനത്തിൽ എന്തെല്ലാം കാര്യങ്ങളാണ് കണ്ടെത്തിയത് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) പഠനം നടത്തിയിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

പേരാമ്പ്ര മണ്ഡലത്തിലെ കൃഷിനാശം

86 [2055] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ കാലവർഷക്കെടുതിയിൽ പേരാമ്പ്ര മണ്ഡലത്തിൽ ഉണ്ടായ കൃഷിനാശം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) മണ്ഡലത്തിലെ ഓരോ പഞ്ചായത്തിലുമുള്ള കൃഷിനാശത്തിന്റെ വിശദവിവരം അറിയിക്കുമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly